I/13177/2023

നം.ഇ1-843/2023/സാം.വ

സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം
അനന്തവിലാസം കൊട്ടാരം
ഫോർട്ട് പി.ഒ., തിരുവനന്തപുരം.
തീയതി : 29.04.2023.

**വിജ്ഞാപനം**

തിരുവനന്തപുരം സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ 63,700-1,23,700 രൂപ ശമ്പള സ്കെയിലിൽ ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തികയിലേയ്ക്ക് ഉണ്ടാകുന്ന ഒരൊഴിവിലേക്ക് ഒരു വർഷത്തേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് സംസ്ഥാന സർക്കാർ വകുപ്പുകളിൽ അണ്ടർ സെക്രട്ടറി/സമാന തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും മേലധികാരി മുഖേന നിശ്ചിത പ്രൊഫോർമയിൽ അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നേടിയവരും 63,700-1,23,700 രൂപ ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്നവരും അംഗീകൃത സർവ്വകലാശാലയിൽ നിന്ന് കല, സാഹിത്യം, ചരിത്രം എന്നീ വിഷയങ്ങളിൽ ഏതെങ്കിലുമൊന്നിൽ അൻപത്തിയഞ്ച് ശതമാനത്തിൽ (55%) കുറയാത്ത മാർക്കോടെ ബിരുദാനന്തര ബിരുദം നേടിയവരുമായിരിക്കണം. അപേക്ഷകൾ താഴെ പറയുന്ന വിലാസത്തിൽ 2023 മെയ് 10-നകം ലഭിച്ചിരിക്കേണ്ടതാണ്.

ഡയറക്ടർ
സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം
അനന്തവിലാസം കൊട്ടാരം
ഫോർട്ട് പി.ഒ., തിരുവനന്തപുരം-23
ഫോൺ- 0471 2478193
ഇ-മെയിൽ വിലാസം: culturedirectoratec@gmail.com
keralaculture@kerala.gov.in

ഒപ്പ്/-
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ
ഡയറക്ടർക്കു വേണ്ടി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്